പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2236 — 10.10.2011-ൽ മറുപടിക്ക്

## റോഡപകടം ഒഴിവാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. സെൽവരാജ് | | ശ്രീ. വി.എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | ദേശീയപാത 47 നെയ്യാറ്റിൻകര ആറാലുംമൂട് മുതൽ കൂട്ടപ്പനവരെയുള്ള ഭാഗത്ത് നിത്യവും ഉണ്ടാകുന്ന റോഡപകടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | ദേശീയപാത 47 -ൽ ആറാലുംമൂട് മുതൽ കൂട്ടപ്പനവരെയുള്ള ഭാഗത്ത് കൊടിയ വളവും കുത്തിറക്കവും കാരണം അപകടങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിൽ ആറാലുംമൂട് മുതൽ കൂട്ടപ്പന വരെയുള്ള ഭാഗത്ത് 3 വലിയ അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 5 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. ഇത് കൂടാതെ ധാരാളം ചെറിയ അപകടങ്ങളും ഈ ഭാഗത്ത് സംഭവിക്കുന്നുണ്ട്. ഈ അപകടങ്ങൾക്ക് പ്രധാന കാരണം റോഡിലെ അപകടകരമായ വളവും റോഡ് നിർമ്മാണത്തിലെ പാകപ്പിഴയും ആണ്. |
| (ബി) | പ്രസ്തുത ഭാഗത്തെ റോഡപകടം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സ്ഥലം നിയമസഭാംഗം ഗതാഗത വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ | (ബി) | പ്രസ്തുത റോഡിൽ അപകട നിവാരണം നടത്തുന്നതിന്റെ ഭാഗമായി കൂട്ടപ്പന ഇറക്കത്തും, NIMS ആശുപത്രി കഴിഞ്ഞ് 100 മീറ്റർ മാറിയും റോഡിൽ Rumple Strip ഉം സ്ഥാപിക്കണമെന്ന് |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ? | | ആവശ്യപ്പെട്ട് കൊണ്ടുള്ള നെയ്യാറ്റിൻകര എം. എൽ. എ യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ നടപടി സ്വീകരിക്കുവാൻ പൊതുമരാമത്ത് റോഡ് സുരക്ഷാ സെൽ സൂപ്രണ്ടിംഗ് എൻജിനീയർക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ